# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിൻറെ ഉന്നമനത്തിന് സാമൂഹിക സാങ്കേതിക മേഖലകളിലെ പുരോഗതി അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഛത്തീസ്ഗഡിൽ വിവിധ മേഖലകളിലെ വികസന പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു.

   Prime Minister Narendra Modi has said that progress in social and technological fields is essential for country's development. In Chhattisgarh, the Prime Minister presented development projects in various sectors to the nation.

2. തെലങ്കാനയിൽ ഊർജ്ജ, റെയിൽ, ആരോഗ്യ മേഖലയിൽ 8,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.

   The Prime Minister will inaugurate development projects in energy, rail and health sector worth Rs 8,000 crore in Telangana today.

3. ബഹിരാകാശ മേഖലയിൽ ഇന്ത്യയുമായുള്ള പങ്കാളിത്തത്തിന് താല്പര്യം പ്രകടിപ്പിച്ച് ലോക രാഷ്ട്രങ്ങൾ. ലോകത്തിലെ മുൻനിര ബഹിരാകാശ ഏജൻസികളിൽ ഒന്നാണ് ഐഎസ്ആർഒ എന്നും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്.

World nations have expressed interest in partnership with India in the field of space. Union Minister of State Jitendra Singh said ISRO is one of the leading space agencies in the world.

4. കേരളത്തിൻറെ തെക്കൻ ജില്ലകളിൽ കനത്ത മഴ തുടരുന്നു. തിരുവനന്തപുരം മുതൽ ആലപ്പുഴ വരെ മഞ്ഞ ജാഗ്രത.

Heavy rain continues in southern districts of Kerala. Yellow alert in districts from Thiruvananthapuram to Alappuzha.

5. ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ മെഡൽ നേട്ടം തുടരുന്നു.

The ODI World Cup cricket matches will commence day after tomorrow . India's medal haul at the Asian Games continues.

========================

## Headline 1

## CHHATTISGARH-PM PROJECTS 1

രാജ്യത്തിൻറെ ഉന്നമനത്തിന് സാമൂഹിക സാങ്കേതിക മേഖലകളിലെ പുരോഗതി അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഛത്തീസ്ഗഡ് ബസ്തറിലെ ജഗ്ദൽപൂരിൽ 26,000 കോടി രൂപയിലധികം വരുന്ന നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതമെന്ന സ്വപ്നം സാക്ഷാത്കരിക്കണമെങ്കിൽ രാജ്യത്തെ ഓരോ പ്രദേശവും വികസിക്കണമെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് പിഎം വോയ്സ്)

ഗോത്രവർഗ ജില്ലയായ ബസ്തറിലെ നഗർനാറിൽ നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-എൻഎംഡിസി സ്ഥാപിച്ച സ്റ്റീൽ പ്ലാന്റും പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. സ്റ്റീൽ മേഖലയിൽ രാജ്യം സ്വയം പര്യാപ്തത കൈവരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

ഏകദേശം 24,000 കോടി രൂപ ചെലവിൽ നിർമ്മിച്ച സ്റ്റീൽ പ്ലാന്റ് ഉയർന്ന നിലവാരമുള്ള സ്റ്റീൽ ഉത്പാദിപ്പിക്കും. പ്ലാന്റും, അനുബന്ധ വ്യവസായങ്ങളും ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കും. ജഗ്ദൽപൂർ റെയിൽവേ സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച പ്രധാനമന്ത്രി അന്താഗഢിനും താരോക്കിക്കും ഇടയിലുള്ള പുതിയ റെയിൽ പാതയും, ജഗ്ദൽപൂരിനും ദന്തേവാഡയ്ക്കും ഇടയിലുള്ള ഇരട്ട റെയിൽ ലൈൻ പദ്ധതിയും രാജ്യത്തിന് സമർപ്പിച്ചു. താരോക്കിക്കും റായ്പൂരിനും ഇടയിലുള്ള ട്രെയിൻ സർവീസും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. ഈ പദ്ധതികൾ സംസ്ഥാനത്തിന്റെ റെയിൽ ഗതാഗത സേവനങ്ങൾ മെച്ചപ്പെടുത്തുകയും, സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടും. കൂടാതെ, ദേശീയ പാത-45ൽ കുങ്കുരിയ്ക്കും ഛത്തീസ്ഗഡ്-ജാർഖണ്ഡ് അതിർത്തിക്കും ഇടയിൽ നിർമ്മിച്ച പുതിയ റോഡിൻറെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിച്ചു.

======================

## Headline 2
## PM TELANGANA

പ്രധാന മന്ത്രി നരേന്ദ്ര മോദി തെലങ്കാനയിലെ നിസാമാബാദിൽ

ഊർജ്ജ, റെയിൽ, ആരോഗ്യ മേഖലയിൽ

എണ്ണായിരം കോടി രൂപയുടെ വികസന പദ്ധതികൾ

ഇന്ന് നാടിനു സമർപ്പിക്കും. നിസാമാബാദിലെ ,

മനോഹരാദാബാദിനും സിദ്ദിപേട്ടിനുമിടയിൽ പുതിയ റെയിൽ പാതയും ധർമബാദ്-

മനോഹരാബാദ്, മഹബൂബ് നഗർ, ആന്ധ്രാപ്രദേശിലെ കുർണൂൽ എന്നിവയ്ക്കിടയിലുള്ള റെയിൽ വൈദ്യുതീകരണവും പദ്ധതികളിൽ ഉൾപ്പെടും. രാമഗുണ്ടത്ത് ആറായിരം കോടി രൂപ ചെലവിൽ നിർമിച്ച

അത്യാധുനിക 800 മെഗാവാട്ട് പവർ സ്റ്റേഷനും അദ്ദേഹം

ഉദ്ഘാടനം ചെയ്യും. 20 ജില്ലാ ആസ്ഥാനങ്ങളിലെ ആശുപത്രികളിൽ പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത്

ആരോഗ്യ മിഷന്റെ കീഴിൽ 516 കോടി രൂപ

ചെലവിൽ 50 കിടക്കകളുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്കുകളുടെ തറക്കല്ലിടലും പ്രധാനമന്ത്രി ഇന്ന് നിർവഹിക്കും.

========================

## ELECTION COMMISSION – TELANGANA

തെലങ്കാനയിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ അവലോകനം

ചെയ്യുന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് മൂന്നു ദിവസങ്ങളിലായി തയ്യാറെടുപ്പുകൾ അവലോകനം

ചെയ്യുന്നത്. സംഘം ഇന്ന് തെലങ്കാനയിലെ രാഷ്ട്രീയ

പാർട്ടികളുമായും, എൻഫോഴ്സ്മെന്റ് ഏജൻസികളുമായും കൂടിക്കാഴ്ച നടത്തും. സംസ്ഥാന ചീഫ് സെക്രട്ടറിയുമായും പോലീസ് ഡയറക്ടർ ജനറലുമായും അവസാന ദിനം ചർച്ച നടത്തും. ഈ വർഷം അവസാനമാണ് തെലങ്കാനയിൽ നിയമസഭാ തിരഞ്ഞെടുപ്പ്.

======================

## Headline 3

## JITENDRA SINGH – ISRO

ബഹിരാകാശ ഗവേഷണത്തിൽ ഇന്ത്യ അനുദിനം പുരോഗതി കൈവരിക്കുകയാണെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ഈ രംഗത്തെ ഉന്നതരുമായാണ് രാജ്യം ഇന്ന് മത്സരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിലെ മുൻനിര ബഹിരാകാശ ഏജൻസികളിൽ ഒന്നാണ് ഐഎസ്ആർഒ എന്ന് ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ ശാസ്ത്രജ്ഞരെ അഭിസംബോധന ചെയ്തുകൊണ്ട് കേന്ദ്ര മന്ത്രി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലയിൽ രാജ്യത്തെ നയിക്കാൻ അർപ്പണബോധമുള്ള വ്യക്തികളുടെയും സംഘടനകളുടെയും സഹകരണം ആവശ്യമാണെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്ത ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു.

======================

## E-AUCTION-PM

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച സ്മരണികകളുടെ ഇ- ലേലത്തിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാം. ലേലം ഈ മാസം 31 വരെ തുടരും. ലേലത്തിൽ നിന്ന് ലഭിക്കുന്ന പണം ഗംഗാ നദി പുനരുജ്ജീവിപ്പിക്കാനുള്ള നമാമി ഗംഗാ പദ്ധതിക്ക് പ്രയോജനപ്പെടുത്തും. 100 രൂപ മുതൽ 65 ലക്ഷം രൂപ വരെയുള്ള മെമന്റോകൾ

ഇ-ലേലത്തിൽ ലഭ്യമാണ്. ന്യൂഡൽഹിയിലെ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ടിൽ ഇത്തരം മെമന്റോകളുടെ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്.

=======================

## DELHI POLICE- TERRORIST

ദേശീയ അന്വേഷണ ഏജൻസിയുടെ പിടികിട്ടാപ്പുള്ളികളുടെ പട്ടികയിലുള്ള ഐ.എസ് ഭീകരൻ ഷാനവാസിനെ ഡൽഹി പോലീസിന്റെ പ്രത്യേക സെൽ അറസ്റ്റ് ചെയ്തു. ദക്ഷിണ ഡൽഹിയിലെ ജെയ്ത്പൂരിൽ നിന്നാണ് ഇയാളെയും മറ്റ് രണ്ട് പേരെയും അറസ്റ്റ് ചെയ്തത്. പാകിസ്ഥാൻ ആസ്ഥാനമായുള്ള സംഘടനകളുടെ രേഖകളും മറ്റ് വസ്തുക്കളും ഇവരിൽ നിന്ന് പിടികൂടിയിട്ടുണ്ട്. ഇവരെ കോടതിയിൽ ഹാജരാക്കിയശേഷം ഏഴു ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

=======================

## UAPA

ചൈനയിൽ നിന്ന് ഫണ്ട് വാങ്ങിയെന്ന ആരോപണത്തെ തുടർന്ന് വാർത്താ ഏജൻസിയായ ന്യൂസ് ക്ലിക്കിനെതിരെ യുഎപിഎ ചുമത്തി ഡൽഹി പൊലീസ്. ന്യൂസ് ക്ലിക്കുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകരുടെയും മറ്റും വീടുകളിൽ ഡൽഹി പൊലീസ് റെയ്ഡ് നടത്തി. മൊബൈൽ ഫോണുകളും ലാപ്ടോപ്പുകളും പിടിച്ചെടുത്തു. സംഭവവുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

=======================

## PUNJAB-SWACHHATA HI SEVA AWARD

പഞ്ചാബിൽ സ്വച്ഛ് ഭാരത് മിഷനു കീഴിൽ ജൽ ശക്തി മന്ത്രാലയവും, ഭവന നഗരകാര്യ മന്ത്രാലയവും സംയുക്തമായി സംഘടിപ്പിച്ച 'സ്വച്ഛതാ ഹി സേവ' ക്യാമ്പയിൻ സമാപിച്ചു. 'മാലിന്യ മുക്ത ഇന്ത്യ'

എന്ന പ്രമേയവുമായി പഞ്ചാബ് സംസ്ഥാന സർക്കാർ ആരംഭിച്ച ക്യാമ്പയിനിൽ ശുചിത്വത്തിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും മികച്ച പ്രകടനം കാഴ്ചവെച്ച പഞ്ചായത്തുകൾ, സ്കൂളുകൾ, സേവാ സംഘങ്ങൾ എന്നിവയെ ആദരിച്ചു.

=======================

## J&K-SANSKRIT MAHOTSAV

ജമ്മു കശ്മീരിലെ ശ്രീനഗറിൽ സംസ്കൃത മഹോത്സവം അരങ്ങേറി. കർണാടകയിലെ പ്രമുഖ നാടോടി നൃത്ത സംഘങ്ങൾ പരിപാടിയിൽ പങ്കെടുത്തു. ജമ്മു കാശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ സംസ്കൃത മഹോത്സവത്തിൽ സന്നിഹിതനായിരുന്നു.

=======================

## REVIEW MEETING

കേരളത്തിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിലുള്ള മേഖലാതല അവലോകന യോഗം എറണാകുളത്ത് നടക്കുന്നു. ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളുടെ അവലോകന യോഗമാണ് ഇന്ന് നടക്കുന്നത്. ബോൾഗാട്ടി പാലസിലാണ് യോഗം. ഭരണ നേട്ടങ്ങൾ ജനങ്ങൾക്കു കൂടുതൽ അനുഭവവേദ്യമാക്കുക, സമയബന്ധിത പദ്ധതി നിർവഹണം ഉറപ്പാക്കുക, വിവിധ ജില്ലകളിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് മേഖലാതല യോഗങ്ങൾ സംഘടിപ്പിക്കുന്നത്.

=======================

## REVIEW MEETING

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ നടക്കുന്ന കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം മറ്റെന്നാൾ കോഴിക്കോട് ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ നടക്കും.

========================

## MATA AMRITANANDAMAYI

മാതാ അമൃതാനന്ദമയിയുടെ സപ്തതി ആഘോഷം കൊല്ലം വള്ളിക്കാവ് അമൃതപുരിയിൽ പുരോഗമിക്കുന്നു. സാംസ്കാരിക സമ്മേളനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര മന്ത്രി മഹേന്ദ്രനാഥ് പാണ്ഡെ, സഹമന്ത്രിമാരായ അശ്വിനികുമാർ ചൗബേ, വി. മുരളീധരൻ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ തുടങ്ങിയവർ പങ്കെടുക്കുന്നു. അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിൽ സജ്ജമാക്കിയ പ്രത്യേക വേദിയിലാണ് ജന്മദിനാഘോഷ പരിപാടികൾ. അമൃതകീർത്തി പുരസ്കാരസമർപ്പണം, അമൃതശ്രീ പദ്ധതിയുടെ വിപുലീകരണം, സമൂഹവിവാഹം എന്നിവയും നടക്കും.

========================

## Headline 4

## RAIN

കേരളത്തിൻറെ തെക്കൻ ജില്ലകളിൽ കനത്ത മഴ തുടരുന്നു. തിരുവനന്തപുരം മുതൽ ആലപ്പുഴ വരെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വിഭാഗത്തിന്റെ മുന്നറിയിപ്പ്. അപ്പർകുട്ടനാടൻ മേഖലകളിൽ വെള്ളം കയറിത്തുടങ്ങി. ആലപ്പുഴയിലെ ചില താഴ്ന്ന പ്രദേശങ്ങൾ വെള്ളക്കെട്ടിലാണ്. ചേർത്തലയിൽ മൂന്ന്

ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങി. കുട്ടനാട്ടിൽ ചമ്പക്കുളം, മങ്കൊമ്പ് എന്നിവിടങ്ങളിലും വെള്ളക്കെട്ടുണ്ട്. സംസ്ഥാനത്ത് അടുത്ത 5 ദിവസം മഴയും ഇടിമിന്നലും തുടരാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചത്.

=======================

## Headline 5

## CRICKET

ഇന്ത്യ ആതിഥ്യമരുളുന്ന 13-ാമത് ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് മറ്റെന്നാൾ തുടക്കമാകും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ആദ്യ മത്സരം. ഉച്ചയ്ക്ക് രണ്ടിന് ഇംഗ്ലണ്ടും ന്യൂസിലാൻഡും ഏറ്റുമുട്ടും.

=======================

## WORLD CUP – CRICKET

ഇന്ത്യയും നെതർലാന്റ്സുമായുള്ള ലോകകപ്പ് സന്നാഹ മത്സരം മഴയെ തുടർന്ന് ആശങ്കയിൽ. ഇന്ന് ഉച്ചയ്ക്ക് രണ്ടുമണിക്കാണ് മത്സരം തുടങ്ങേണ്ടത് എങ്കിലും കാര്യവട്ടത്തും സ്പോർട്സ് ഹബ്ബ് സ്റ്റേഡിയത്തിലും കനത്ത മഴയാണ്. കഴിഞ്ഞ ദിവസങ്ങളിലായി നടന്ന സന്നാഹ മത്സരത്തെയും മഴ സാരമായി ബാധിച്ചിരുന്നു.

=======================

## ASIAN GAMES (INTRO)

ഹാങ്ഷ്വാ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ മെഡൽ വേട്ട തുടരുന്നു. 13 സ്വർണം , 24 വെള്ളി, 24 വെങ്കലം ഉൾപ്പെടെ 61 മെഡലുകളോടെ നിലവിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

ഒരു റിപ്പോർട്ട്
(വോയ്സ്)

പുരുഷന്മാരുടെ 1000 മീറ്റർ കാനോ ഡബിൾ ഇനത്തിൽ  അർജുൻ സിങ്, സുനിൽ സിങ്  സലാം സഖ്യം വെങ്കലം നേടി. പുരുഷ ക്രിക്കറ്റിൽ നേപ്പാളിനെ 23  റൺസിന്  പരാജയപ്പെടുത്തി ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു. അമ്പെയ്ത്തിൽ അദിതി ഗോപിചന്ദിനെ പരാജയപ്പെടുത്തി ജ്യോതി സുരേഖ ഫൈനലിൽ കടന്നു.
വനിതാ ഹോക്കിയിലും ഹോംഗ് കോങ്ങിനെ പരാജയപ്പെടുത്തി  ഇന്ത്യ സെമിഫൈനൽ പ്രവേശനം നേടി.
ബാഡ്മിന്റൺ റൌണ്ട് 32 മത്സരങ്ങളിൽ എച് എസ് പ്രണോയ്, പി വി സിന്ധു എന്നിവർ വിജയിച്ചു.  മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി  അഭിനന്ദിച്ചു. വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചെയ്സിൽ സ്വർണം നേടിയ പ്രീതി ലാംബ , റിലേയിൽ വെള്ളി നേടിയ മുഹമ്മദ് അജ്മൽ , വിത്യ രാംരാജ്, രാജേഷ് രമേഷ് , വെങ്കടേശൻ ശുഭ എന്നിവരെ  ശ്രീ മോദി സമൂഹമാധ്യമ പോസ്റ്റിലൂടയാണ് അഭിനന്ദിച്ചത്.
ന്യൂസ് ഡസ്ക് ആകാശവാണി.

=======================

## LARGEST AMBEDKAR STATUE

ഈ മാസം 14 ന് വടക്കേ അമേരിക്കയിലെ മേരിലാൻഡിൽ ബി ആർ അംബേദ്കറുടെ ഏറ്റവും വലിയ പ്രതിമ അനാച്ഛാദനം ചെയ്യാൻ ഒരുങ്ങി ഇന്ത്യ. സമത്വ പ്രതിമ എന്ന് പേരിട്ടിരിക്കുന്ന 19 അടി പ്രതിമ നിർമ്മിച്ചത് കലാകാരനും ശിൽപിയുമായ രാം സുതാറാണ്. ഗുജറാത്തിലെ അഹമ്മദാബാദിൽ സർദാർ പട്ടേൽ പ്രതിമയും അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.

മേരിലാൻഡിലെ അക്കോക്കീക്ക് നഗരത്തിൽ 13 ഏക്കറിലാണ് പ്രതിമയുടെ നിർമ്മാണം പുരോഗമിക്കുന്നത്.

=======================

## BANGLADESH-DENGUE

ബംഗ്ലാദേശിൽ, ഈ വർഷം ഇതുവരെ 1,017 പേർ ഡെങ്കിപ്പനി ബാധിച്ച് മരിച്ചതായി റിപ്പോർട്ട്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 11 മരണം കൂടി പുതുതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതേ കാലയളവിൽ 2,596 പുതിയ രോഗികളെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി ആരോഗ്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ മാസം 396 ഡെങ്കി പനി മരണമാണ് ബംഗ്ലാദേശിൽ റിപ്പോർട്ട് ചെയ്തത്.

=======================

====================

========